**കണ്ണൂർ സർവ്വകലാശാല**

**(സംഗ്രഹം)**

ജീവനക്കാര്യം - കോവിഡ് 19 രോഗവ്യാപനത്തിൻറെ പശ്ചാത്തലത്തിൽ സർവ്വകലാശാലാ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭരണവിഭാഗം എ സെക്ഷൻ**

എഡി എ/എഡി എ3/8060/2021 തീയതി: 07.07.2021

---

പരാമർശം:-1. 22-04-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്

2. 03-05-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

3. 04-05-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

4. 19-05-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ സർക്കുലർ.

5. 03-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

6. 09-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

7. 16-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

8. 24-06-2021 ലെ ഇതേ നമ്പർ സർവ്വകലാശാലാ ഉത്തരവ്.

9. 06-07-2021 ലെ G.O. (Rt) No. 500/2021/DMS നമ്പർ സർക്കാർ ഉത്തരവ്.

**ഉത്തരവ്**

1. കോവിഡ്-19 അതിതീവ്രവ്യാപനം തടയുന്നതിൻറെ ഭാഗമായി സർവ്വകലാശാല ബ്രാഞ്ച്/ഓഫീസ്/ വകുപ്പുകളിൽ ജീവനക്കാർ ഹാജരാകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദേശങ്ങൾ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് പരാമർശം (1), (2), (3), (4), (5), (6), (7), (8) എന്നിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
2. സംസ്ഥാനത്തെ കമ്പനി, കോർപ്പറേഷൻ, കമ്മീഷൻ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കോവിഡ്-19 ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ (TPR) അടിസ്ഥാനത്തിൽ ഹാജർ ക്രമപ്പെടുത്തി പ്രവർത്തിക്കേണ്ടതാണെന്ന് പരാമർശം (9) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം 'എ', 'ബി' കാറ്റഗറിയിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങൾ 100% ഹാജരോട് കൂടിയും 'സി' കാറ്റഗറിയിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങൾ 50% ഹാജരോട് കൂടിയും പ്രവർത്തിക്കാവുന്നതാണ്.
3. മേൽ സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നത് പരിഗണിച്ച്, വൈസ്-ചാൻസലർ നൽകിയ അനുമതി പ്രകാരം, സർവ്വകലാശാല ഓഫീസുകളിലെ ജീവനക്കാരുടെ ഹാജർ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ ചേർത്ത ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.
   i. കോവിഡ് 19 ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ജില്ലാ കലക്ടർ 'എ', 'ബി' കാറ്റഗറിയിൽ ഉൾപ്പെടുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ സ്ഥിതി ചെയ്യുന്ന സർവ്വകലാശാല ഓഫീസുകൾ 100% ഹജരോടുകൂടിയും 'സി'' കാറ്റഗറിയിൽ ഉൾപ്പെടുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ സ്ഥിതി ചെയ്യുന്ന സർവ്വകലാശാല ഓഫീസുകൾ 50% ഹജരോടുകൂടിയും പ്രവർത്തിക്കേണ്ടതാണ്.
   ii. കോവിഡ് 19 ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളെ കാറ്റഗറി തിരിച്ചുകൊണ്ട് ബന്ധപ്പെട്ട ജില്ലാ കലക്ടർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം അനുസരിച്ച് സർവ്വകലാശാല ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ബ്രാഞ്ച്/ഓഫീസ്/വകുപ്പ് മേധാവികൾ സ്വീകരിക്കേണ്ടതാണ്.

iii. മേൽ ഉത്തരവ് പ്രകാരമുള്ള ഹാജർ ക്രമീകരണം 08-07-2021 മുതൽ പ്രാബല്യത്തിൽ നിലവിൽ വരുന്നതാണ്.

4. ഉത്തരവുകൾ യഥാവിധി പുറപ്പെടുവിച്ചിരിക്കുന്നു

*ഒപ്പ്/-*

SAJEEVAN M

**അസിസ്റ്റന്റ് റെജിസ്ട്രാർ ( ഭരണ വിഭാഗം )**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:എല്ലാ ബ്രാഞ്ച്/വകുപ്പ്/ഓഫീസ് മേധാവികൾക്കും

പകർപ്പ്: PS to VC / PA to PVC, R, CE, FO, JD KSAD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ & ജില്ലാകളക്ടർ , കണ്ണൂരിന്റെ നടപടിക്രമം**
**(ഹാജർ : ശ്രീ. സുഭാഷ് ടി.വി. ഐ.എ.എസ്)**

(ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 26(2),30,33,34 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

---

ഉത്തരവ് നമ്പർ DCKNR/4288/2020/DM1 തീയ്യതി 07.07.2021

---

വിഷയം:- ദുരന്ത നിവാരണം-കോവിഡ് 19 രണ്ടാം തരംഗം- അടിയന്തര അധിക പ്രതിരോധ പ്രതികരണ നടപടികൾ--ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്--സംബന്ധിച്ച്.

വായന:-

1. 06/05/2021 തീയ്യതിയിലെ സ ഉ (ആർ ടി) നമ്പർ 404/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.
2. 29/05/2021 തീയ്യതിയിലെ സ ഉ (ആർ ടി) നമ്പർ 444/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.
3. 03/06/2021 തീയ്യതിയിലെ സ ഉ (ആർ ടി) നം. 455/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.
4. 07/06/2021 തീയ്യതിയിലെ സ ഉ (ആർ ടി) നം. 459/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.
5. 10/06/2021 തീയ്യതിയിലെ സ ഉ (ആർ ടി) നം. 461/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.
6. 15/06/2021 തീയ്യതിയിലെ സ ഉ (ആർ ടി) നം. 467/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.
7. 22/06/2021 തീയ്യതിയിലെ സ ഉ (ആർ ടി) നം. 479/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.
8. 29/06/2021 തീയ്യതിയിലെ സ ഉ (ആർ ടി) നം. 487/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.
9. 06/07/2021 തീയ്യതിയിലെ സ ഉ (ആർ ടി) നം. 500/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.
10. 06/07/2021-ലെ ജില്ലാദുരന്തനിവാരണ അതോറിറ്റി യോഗതീരുമാനം.
11. കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ(ആരോഗ്യം) 06.07.2021 തിയ്യതിയിലെ റിപ്പോർട്ട്.

വായന (1), (2), (3), (4), (5) നടപടിക്രമങ്ങൾ പ്രകാരം സംസ്ഥാനത്ത് കോവിഡ് രണ്ടാം തരംഗ വ്യാപനം തടയുന്നതിനായി ലോക്ക്ഡൗൺ ഏർപ്പെടുത്തുകയും കർശനനിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. കോവിഡ് പോസിറ്റീവ് കേസുകളിലും ടെസ്റ്റ് പോസിറ്റിവിറ്റി

നിരക്കിലും കുറവ് വന്ന സാഹചര്യത്തിൽ നിലവിലുള്ള ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുനൽകിക്കൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ എ, ബി, സി, ഡി വിഭാഗങ്ങളാക്കി തിരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും വായന (6)പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. വായന (9) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ വിഭാഗങ്ങളാക്കി തിരിക്കുന്നതിലെ മാനദണ്ഡങ്ങൾ ചുവടെ ചേർത്ത പ്രകാരം ഭേദഗതി വരുത്തി ഉത്തരവായിട്ടുള്ളതാണ്.

| കാറ്റഗറി | മാനദണ്ഡം |
|---|---|
| A | ടി പി ആർ 5% ത്തിൽ കുറവ് (കുറഞ്ഞ രോഗവ്യാപനമുള്ള പ്രദേശങ്ങൾ) |
| B | ടി പി ആർ 5%– 10% നും ഇടയിൽ (മിതമായ രോഗവ്യാപനമുള്ള പ്രദേശങ്ങൾ) |
| C | ടി പി ആർ 10%– 15% നും ഇടയിൽ (തീവ്ര രോഗവ്യാപനമുള്ള പ്രദേശങ്ങൾ) |
| D | ടി പി ആർ 15% നും മുകളിൽ (അതിതീവ്ര വ്യാപനമുള്ള പ്രദേശങ്ങൾ) |

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പ്രതിവാര ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ എ, ബി, സി, ഡി വിഭാഗങ്ങളാക്കി തിരിച്ച് വായന (11) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ 23/06/2021 മുതൽ 29/06/2021 വരെയുള്ള പ്രതിവാര ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ 2005-ലെ ദുരന്തനിവാരണ നിയമത്തിലെ 26(2), 30, 33 എന്നീ വകുപ്പുകൾ പ്രകാരം എന്നിൽ എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് കണ്ണൂർ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ എ, ബി, സി, ഡി വിഭാഗങ്ങളാക്കി തിരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

## എ വിഭാഗം
## (കുറഞ്ഞ രോഗവ്യാപനമുള്ള പ്രദേശങ്ങൾ)
## (പ്രതിവാര പരിശോധനാ നിരക്ക് 5% ത്തിൽ കുറവ്)

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | ടി പി ആർ |
|---|---|---|
| 1 | അഞ്ചരക്കണ്ടി | 4.72% |
| 2 | ന്യൂമാഹി | 4.64% |
| 3 | മലപ്പട്ടം | 4.19% |

## ബി വിഭാഗം
## (മിതമായ രോഗവ്യാപനമുള്ള പ്രദേശങ്ങൾ)
## (പ്രതിവാര പരിശോധനാ നിരക്ക് 5%-10% ഇടയിൽ)

| ക്രമ നം. | തദ്ദേശ സ്വയംഭരണ സ്ഥാപനം | ടി പി ആർ |
|---|---|---|
| 1 | മട്ടന്നൂർ നഗരസഭ | 9.47% |
| 2 | കൂടാളി | 9.24% |
| 3 | ഇരിട്ടി നഗരസഭ | 9.03% |
| 4 | ചെങ്ങളായി | 9.02% |
| 5 | ധർമ്മടം | 8.95% |
| 6 | പാനൂർ നഗരസഭ | 8.57% |
| 7 | വളപട്ടണം | 8.47% |
| 8 | കടമ്പൂർ | 8.39% |
| 9 | പിണറായി | 8.30% |
| 10 | കണിച്ചാർ | 8.03% |
| 11 | കൂത്തുപറമ്പ നഗരസഭ | 7.88% |
| 12 | മാടായി | 7.84% |
| 13 | തലശ്ശേരി നഗരസഭ | 7.66% |
| 14 | കതിരൂർ | 7.60% |

| | | |
|---|---|---|
| 15 | ചെറുകുന്ന് | 7.58% |
| 16 | മാലൂർ | 7.56% |
| 17 | ഏഴോം | 7.45% |
| 18 | പേരാവൂർ | 7.33% |
| 19 | തളിപ്പറമ്പ നഗരസഭ | 7.00% |
| 20 | ഇരിക്കൂർ | 6.91% |
| 21 | മാങ്ങാട്ടിടം | 6.90% |
| 22 | കണ്ണൂർ കോർപ്പറേഷൻ | 6.69% |
| 23 | മൊകേരി | 6.53% |
| 24 | പന്ന്യന്നൂർ | 6.33% |
| 25 | കൊട്ടിയൂർ | 5.83% |
| 26 | ചിറ്റാരിപ്പറമ്പ് | 5.37% |
| 27 | എരുവേശ്ശി | 5.28% |
| 28 | കോട്ടയം | 5.11% |

## സി വിഭാഗം
## (തീവ്രരോഗവ്യാപനമുള്ള പ്രദേശങ്ങൾ)
## (പ്രതിവാര പരിശോധനാ നിരക്ക് 10%-15% ഇടയിൽ)

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | ടി പി ആർ |
|---|---|---|
| 1 | കീഴല്ലൂർ | 14.84% |

| | | |
|---|---|---|
| 2 | പാപ്പിനിശ്ശേരി | 14.54% |
| 3 | നാറാത്ത് | 14.32% |
| 4 | തില്ലങ്കേരി | 14.29% |
| 5 | കുറുമാത്തൂർ | 14.25% |
| 6 | ഉളിക്കൽ | 14.11% |
| 7 | ആറളം | 14.06% |
| 8 | കുഞ്ഞിമംഗലം | 13.95% |
| 9 | കേളകം | 13.92% |
| 10 | ചെറുപുഴ | 13.16% |
| 11 | നടുവിൽ | 13.05% |
| 12 | വേങ്ങാട് | 12.80% |
| 13 | പായം | 12.75% |
| 14 | രാമന്തളി | 12.56% |
| 15 | മുഴക്കുന്ന് | 12.45% |
| 16 | കരിവെള്ളൂർ പെരളം | 12.35% |
| 17 | അയ്യൻകുന്ന് | 12.17% |
| 18 | പയ്യന്നൂർ നഗരസഭ | 11.98% |
| 19 | മയ്യിൽ | 11.82% |
| 20 | കുന്നോത്തുപറമ്പ് | 11.57% |
| 21 | ഉദയഗിരി | 11.24% |
| 22 | കല്ല്യാശ്ശേരി | 11.06% |
| 23 | എരഞ്ഞോളി | 11.04% |
| 24 | മുണ്ടേരി | 11.02% |

| | | |
|---|---|---|
| 25 | മുഴപ്പിലങ്ങാട് | 10.67% |
| 26 | കോളയാട് | 10.39% |
| 27 | ചൊക്ലി | 10.14% |
| 28 | മാട്ടൂൽ | 10.13% |
| 29 | ശ്രീകണ്ഠാപുരം | 10.05% |
| 30 | പയ്യാവൂർ | 10.03% |

## ഡി വിഭാഗം
## (അതിതീവ്രരോഗവ്യാപനമുള്ള പ്രദേശങ്ങൾ)
## (പ്രതിവാര പരിശോധനാ നിരക്ക് 15% മുകളിൽ)

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനം | ടി പി ആർ |
|---|---|---|
| 1 | പെരളശ്ശേരി | 23.85% |
| 2 | കൊളച്ചേരി | 22.88% |
| 3 | തൃപ്പങ്ങോട്ടൂർ | 21.60% |
| 4 | പെരിങ്ങോം വയക്കര | 19.56% |
| 5 | പട്ടുവം | 19.14% |
| 6 | ചെറുതാഴം | 18.55% |
| 7 | എരമം കുറ്റൂർ | 18.42% |
| 8 | ചിറക്കൽ | 18.28% |
| 9 | ചെമ്പിലോട് | 17.61% |

| | | |
|---|---|---|
| 10 | അഴീക്കോട് | 16.58% |
| 11 | കുറ്റ്യാട്ടൂർ | 16.34% |
| 12 | കാങ്കോൽ ആലപ്പടമ്പ | 16.29% |
| 13 | ചപ്പാരപ്പടവ് | 16.23% |
| 14 | പാട്യം | 16.04% |
| 15 | പരിയാരം | 15.79% |
| 16 | കണ്ണപുരം | 15.77% |
| 17 | പടിയൂർ | 15.55% |
| 18 | ആന്തൂർ നഗരസഭ | 15.54% |
| 19 | കടന്നപ്പള്ളി പാണപ്പുഴ | 15.48% |
| 20 | ആലക്കോട് | 15.06% |

വായന (6), (7), (8), (9) ഉത്തരവുകൾ പ്രകാരം എ, ബി, സി, ഡി വിഭാഗത്തിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയന്ത്രണങ്ങളും ഇളവുകളും 08/07/2021 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. സി, ഡി വിഭാഗങ്ങളിലെ നിയന്ത്രണങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് പോലീസ്, സെക്ടറൽ മജിസ്ട്രേറ്റുമാർ, ആർ ആർ ടി––കൾ എന്നിവ ഉറപ്പുവരുത്തേണ്ടതും ലംഘിക്കുന്നവർക്കെതിരെ 2005– ലെ ദുരന്തനിവാരണ നയമത്തിലെ 51 മുതൽ 59 വരെ വകുപ്പുകൾ പ്രകാരവും പകർച്ചവ്യാധി നിയന്ത്രണ ഓർഡിനൻസ് 2021, ഇന്ത്യൻ ശിക്ഷാനിയമം 188, 269 എന്നീ വകുപ്പുകൾ പ്രകാരവും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ&
ജില്ലാ കലക്ടർ, കണ്ണൂർ

ഉള്ളടക്കം

1. 15/06/2021 തീയ്യതിയിലെ സ ഉ (ആർ ടി) നം. 467/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.
2. 22/06/2021 തീയ്യതിയിലെ സ ഉ (ആർ ടി) നം. 479/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.

3. 29/06/2021 തീയ്യതിയിലെ സ ഉ (ആർ ടി) നം. 487/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.

4. 06/07/2021 തീയ്യതിയിലെ സ ഉ (ആർ ടി) നം. 500/2021/ ദു. നി. വ. നമ്പർ സർക്കാർ ഉത്തരവ്.

<u>പകർപ്പ്</u>

1) ജില്ലാ പോലീസ് മേധാവി, സിറ്റി & റൂറൽ കണ്ണൂർ
2) ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), കണ്ണൂർ
3) ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങൾക്ക്
4) സബ്ബ് കലക്ടർ, തലശ്ശേരി
5) ആർ ഡി ഒ, തളിപ്പറമ്പ്
6) എല്ലാ ഇൻസിഡന്റൽ കമാൻഡർ & തഹസിൽദാർമാർക്കും
7) സെക്രട്ടറി, കോർപ്പറേഷൻ, കണ്ണൂർ
8) പഞ്ചായത്ത് ഉപ.ഡയറക്ടർ, കണ്ണൂർ
9) സെക്രട്ടറി, ജില്ലാ പഞ്ചായത്ത് ,കണ്ണൂർ
10) ജില്ലാ ഇൻഫർമാറ്റിക്ക് ഓഫീസർ, (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
11) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ
12) ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ, കണ്ണൂർ
13) വ്യാപാര വ്യവസായ സംഘടനാ മേധാവികൾ

Signature valid

Digitally signed by SUBHASH
T V
Date: 2021.07.07 12:06:27 IST
Reason: Approved

കേരളസർക്കാർ

<u>സംഗ്രഹം</u>

**ദുരന്തനിവാരണ വകുപ്പ് – കോവിഡ്– 19 സംസ്ഥാനതല ലോക്ക്ഡൗൺ - 2021 ജൂൺ 17 മുതൽ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി ഉത്തരവ് ഇറക്കുന്നു.**

## ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ . (ആർ.ടി ) നം.467/2021/ ദു.നി.വ തീയതി 15/06/2021

പരാമർശം.: 1. 06.05.2021 തീയതിയിലെ സ.ഉ. (ആർ.ടി) നം.404/2021/ദു.നി.വ

2. 29.05.2021 തീയതിയിലെ സ.ഉ (ആർ.ടി) നം.444/2021/ദു.നി.വ

3. 03.06.2021 തീയതിയിലെ സ.ഉ (ആർ.ടി) നം.455/2021/ദു.നി.വ

4. 07.06.2021 തീയതിയിലെ സ.ഉ (ആർ.ടി) നം.459/2021/ദു.നി.വ

5. 10.06.2021 തീയതിയിലെ സ.ഉ (ആർ.ടി) നം.461/2021/ദു.നി.വ

## <u>ഉത്തരവ്</u>

മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം, സംസ്ഥാനത്തു കോവിഡ് വ്യാപനം തടയുന്നതിന് ലോക്ക് ഡൗൺ നടപ്പാക്കുകയും ചില നിയന്ത്രണങ്ങൾ 2021 മെയ് 8 മുതൽ ജൂൺ 16 വരെ സംസ്ഥാനത്ത് നടപ്പാക്കി വരുന്നു.

2) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കോവിഡ് മഹാമാരിയുടെ നിലവിലുള്ള വ്യാപനവും, ടെസ്റ്റ് പോസിറ്റീവ് നിരക്കും വിലയിരുത്തിയ ശേഷം, സംസ്ഥാനദുരന്തനിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ, ദുരന്തനിവാരണ നിയമം, 2005 സെക്ഷൻ 20(3) പ്രകാരം അധികാരപ്പെടുത്തിയതനുസരിച്ച്, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ താഴെപ്പറയുന്ന രീതിയിൽ ശരാശരി പ്രതിവാര ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചതിന് ശേഷം, അനുബന്ധത്തിൽ പറയുന്ന രീതിയിൽ ജൂൺ പതിനേഴാം തീയതി 00.00 മണിക്കൂർ മുതൽ ഇനിയൊരുത്തരവ് വരെ, നിയന്ത്രണങ്ങൾ വരുത്തി ഉത്തരവാകുന്നു.

| കാറ്റഗറി | മാനദണ്ഡം |
|---|---|
| A. | ടെസ്റ്റ്പോസിറ്റിവിറ്റിനിരക്ക് 8 ശതമാനം വരെ (കുറഞ്ഞ വ്യാപനമുള്ളത്) |
| B. | 8 മുതൽ 20 ശതമാനമാണെങ്കിൽ: മിതമായ വ്യാപനമുള്ളത് |
| C. | 20 മുതൽ 30 ശതമാനമാണെങ്കിൽ അതിവ്യാപനമുള്ളത് |
| D. | 30 ശതമാനത്തിന് മുകളിലാണെങ്കിൽ: അതിതീവ്രവ്യാപനമുള്ളത് |

3) എല്ലാ ബുധനാഴ്ചയും തദ്ദേശസ്വയംഭരണപ്രദേശങ്ങളുടെ 7 ദിവസത്തെ ശരാശരി വ്യാപനത്തോത് അവലോകനം ചെയ്ത് ഓരോ തദ്ദേശസ്വയംഭരണപ്രദേശങ്ങളും ഏതു വിഭാഗത്തിൽവിഭാഗത്തിൽ ഉൾപ്പെടുന്നുവെന്നത് ജില്ലാ ഭരണകൂടങ്ങൾ പ്രസിദ്ധീകരിക്കേണ്ടതാണ്.

4) കോവിഡ് മഹാമാരിയുടെ വ്യാപനം തടയുന്നതിനായി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിനെ അധികരിച്ച് ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെയും ടെസ്റ്റിംഗ് ടാർഗറ്റുകൾ ആരോഗ്യവകുപ്പ് തീരുമാനിക്കുകയും അതനുസരിച്ച് ടെസ്റ്റിംഗ് നടത്തിയ ശേഷം വീടുകളിൽ ക്വാറന്റീൻ സൗകര്യങ്ങൾ (പൾസ് ഓക്സിമീറ്റർ പോലുള്ള ഉപകരണങ്ങൾ ഉൾപ്പെടെ) ഇല്ലാത്ത വീടുകളിൽ, ആദ്യം കോവിഡ് പോസിറ്റീവ് ആകുന്ന വ്യക്തികളെ പ്രാഥമിക കോവിഡ് ചികിത്സാ കേന്ദ്രങ്ങളിൽ ക്വാറന്റീൻ ചെയ്യേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ ദുരന്തനിവാരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ,

എല്ലാ വകുപ്പ് തലവന്മാർ, സംസ്ഥാനപോലീസ് മേധാവി ഉൾപ്പെടെ

റീജിയണൽ ഡയറക്ടർ, റിസേർവ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർ,

എല്ലാ ജില്ലാ പോലീസ് മേധാവികൾ.

പകർപ്പ്:

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ,

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി,

ഡയറക്ടർ, ഐ & പി.ആർ.ഡി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**`ANNEXURE**

1. **സംസ്ഥാനമൊട്ടാകെ ബാധകമായുള്ള പൊതു നിബന്ധനകൾ**
   a. പാറഖനനം ഉൾപ്പെടെയുള്ള വ്യാവസായിക, കാർഷിക, നിർമാണ മേഖലകളിലെ പ്രവർത്തനങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും അനുവദിക്കും. ഈ മേഖലകളിലെ തൊഴിലാളികൾക്ക് ഗതാഗതം അനുവദിക്കും. ഈ മേഖലകളിലേക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ വിൽക്കുന്ന എല്ലാ കടകൾക്കും രാവിലെ 7 മുതൽ വൈകുന്നേരം 7 മണി വരെ പ്രവർത്തനാനുമതി ഉണ്ടായിരിക്കും

   b. അവശ്യവസ്തുക്കളുടെ കടകൾ (താഴെപ്പറയുന്നവ) എല്ലാ ദിവസവും രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ തുറന്നു പ്രവർത്തിക്കും.

      i. ആഹാര സാധനങ്ങൾ വിൽക്കുന്ന കടകൾ

      ii. റേഷൻ കടകൾ

      iii. പലചരക്ക് കടകൾ

      iv. പാലും പാലുൽപ്പന്നങ്ങളും വിൽക്കുന്ന കടകൾ

      v. പഴങ്ങളും പച്ചക്കറികളും വിൽക്കുന്ന കടകൾ

      vi. മീനും ഇറച്ചിയും വിൽക്കുന്ന കടകൾ

      vii. മൃഗങ്ങൾക്കും പക്ഷികൾക്കുമുള്ള തീറ്റ വിൽക്കുന്ന കടകൾ

      viii. ബേക്കറികൾ

   c. താഴെപ്പറയുന്ന കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ആവശ്യമുള്ള ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്:

      i. പ്രതിരോധ വകുപ്പ്

      ii. ആരോഗ്യ വകുപ്പ്

      iii. കേന്ദ്ര സേനകൾ

iv. ട്രഷറി

v. പെട്രോളിയം പ്രകൃതി വാതകങ്ങൾ അടക്കമുള്ള സേവനങ്ങൾ

vi. വൈദ്യുതി നിർമാണ വിതരണ കേന്ദ്രങ്ങൾ

vii. തപാൽ വകുപ്പും പോസ്റ്റ് ഓഫിസുകളും

viii. നാഷണൽ ഇൻഫോർമാറ്റിക് സെൻറർ

ix. ഏർളി വാണിംഗ് ഏജൻസികൾ

x. ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യ

xi. കേന്ദ്ര കാലാവസ്ഥ വകുപ്പ്

xii. ദൂരദർശൻ

xiii. ആൾ ഇന്ത്യ റേഡിയോ

xiv. കേന്ദ്ര ജല കമ്മീഷൻ

xv. നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രൊജക്റ്റ്,

xvi. എയർപോർട്ടുകൾ, തുറമുഖങ്ങൾ/ റെയിൽവേ

xvii. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ

xviii. തൊഴിൽ വകുപ്പ്

xix. വിസ / കോൺസുലാർ സേവനങ്ങൾ

xx. പെട്രോനെറ്റ്/ എൽ എൻ ജി

xxi. റീജിയണൽ പാസ്സ്പോർട്ട് ഓഫീസുകൾ

xxii. കസ്റ്റംസ് സർവിസുകൾ

xxiii. ഇ എസ് ഐ

xxiv. കോവിഡ് പ്രതിരോധവുമായി ബന്ധപെട്ടു പ്രവർത്തിക്കുന്ന മറ്റ് വകുപ്പുകളിലെ ജീവനക്കാർ

d. താഴെപ്പറയുന്ന സംസ്ഥാന സർക്കാർ ഓഫിസുകൾ ആവശ്യമായ

ജീവനക്കാരെ ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്.

i. ആരോഗ്യ വകുപ്പ്

ii. ആയുഷ് വകുപ്പ്

iii. റവന്യൂ വകുപ്പ്

iv. തദ്ദേശസ്വയംഭരണ വകുപ്പ്

v. ഫുഡ് ആൻഡ് സിവിൽ സപ്ലൈസ് വകുപ്പ്

vi. വ്യവസായം

vii. തൊഴിലും നൈപുണ്യവും

viii. മൃഗശാല

ix. കേരള ഐ ടി മിഷൻ

x. ജലസേചനം

xi. മൃഗസംരക്ഷണം

xii. സാമൂഹിക നീതിവകുപ്പ സ്ഥാപനങ്ങൾ

xiii. ഇൻഷുറൻസ് മെഡിക്കൽ സർവീസ്

xiv. പോലീസ്

xv. എക്സൈസ്

xvi. ഹോം ഗാർഡ്സ്

xvii. സിവിൽ ഡിഫെൻസ്

xviii. ഫയർ & റെസ്ക്യൂ സർവീസ്

xix. ദുരന്ത നിവാരണം

xx. വനം വന്യജീവി സംരക്ഷണം

xxi. ജയിൽ വകുപ്പ്

xxii. ജില്ല കളക്ടറേറ്റുകൾ

xxiii. ട്രഷറി

xxiv. വൈദ്യുതി

xxv. സാനിറ്റേഷൻ

xxvi. വിവര പൊതുജന സമ്പർക്കം

xxvii. ഗതാഗത വകുപ്പ് (മോട്ടോർ വാഹന വകുപ്പും അത്യാവശ്യത്തിനുള്ള ബസ് സർവീസുകളും)

xxviii. വനിതാ ശിശുക്ഷേമ വകുപ്പ്

xxix. ക്ഷീര വികസന വകുപ്പ്

xxx. പ്രവാസികാര്യ വകുപ്പ്

xxxi. രജിസ്ട്രേഷൻ വകുപ്പ്

xxxii. തിരുവനന്തപുരത്തെ സർക്കാർ പ്രസ്

xxxiii. ഭാഗ്യക്കുറി വകുപ്പ്

e. ഗവൺമെന്റ് സെക്രട്ടറിയറ്റും അക്കൗണ്ടന്റ് ജനറൽ ഓഫിസും അൻപത് ശതമാനം ജീവനക്കാരെ വരെ നിയോഗിച്ച് റോട്ടേഷൻ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതാണ്.

f. എല്ലാ ശനി, ഞായർ ദിവസങ്ങളിലും പൂർണ്ണ ലോക്ക്ഡൗൺ ആയിരിക്കും. 07.06.2021, 10.06.2021 തീയതികളിലെ സർക്കാർ ഉത്തരവുകൾ GO(Rt)No.459/2021/DMD, GO (Rt)No. 461/2021/DMD എന്നിവ പ്രകാരം ജൂൺ 12 , 13 തീയതികളിൽ അനുവദനീയമായിരുന്ന പ്രവർത്തങ്ങൾ മാത്രമേ ഈ ദിവസങ്ങളിൽ അനുവദനീയമായുള്ളൂ.

g. കെ എസ് ആർ ടി സി/ സ്വകാര്യ മേഖലകളിലെ പൊതുഗതാഗതം ആവശ്യാനുസരണം എല്ലാ കോവിഡ് പ്രോട്ടോകോളുകളും പാലിച്ചു കൊണ്ട് പ്രവർത്തിക്കാൻ അനുമതിയുണ്ടാകും.

h. ബാങ്കുകൾ ഇൻഷുറൻസ് സ്ഥാപനങ്ങൾ മറ്റ് സാമ്പത്തിക സ്ഥാപനങ്ങൾ

പ്രവർത്തനം നിലവിലുള്ളത് പോലെ ഇടവിട്ടുള്ള ദിവസങ്ങളിൽ (തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ) അനുവദിക്കും. ജൂൺ 17, 19, 22 തീയതികൾ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് -1881 അധികരിച്ചുള്ള പൊതുഅവധിയായി പ്രഖ്യാപിക്കുന്നു. മെമ്പർ ബാങ്കുകളുടെ ക്ലിയറിങ് ഹൗസുകൾക്ക് എല്ലാ ദിവസവും പ്രവർത്താനുമതി ഉണ്ടായിരിക്കും

i. താഴെപ്പറയുന്ന സേവനങ്ങൾ അനുവദനീയമായിരിക്കും

   i. സർക്കാർ സ്വകാര്യ മേഖലയിലുള്ള ഡിസ്പെൻസറികൾ, മെഡിക്കൽ സ്റ്റോറുകൾ, മെഡിക്കൽ ഉപകരണ സ്റ്റോറുകൾ, ക്ലിനിക്കുകൾ, നഴ്സിംഗ് ഹോമുകൾ, ലബോറട്ടറികൾ, ആംബുലൻസുകൾ, മറ്റ് ആശുപത്രികൾ, അനുബന്ധ മെഡിക്കൽ സ്ഥാപനങ്ങളും അവയുടെ നിർമാണ വിതരണ യൂണിറ്റുകളും

   ii. SEBI നോട്ടിഫൈ ചെയ്തിട്ടുള്ള ക്യാപിറ്റൽ ആൻഡ് ഡെബ്റ്റ് മാർക്കറ്റിംഗ് സർവീസുകൾ.

   iii. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റിയുടെ കൊച്ചി ഓഫിസും നാല് നോട്ടിഫൈഡ് പ്രൈവറ്റ് ലാബുകളും.

   iv. പെട്രോൾ പമ്പുകൾ, എൽ പി ജി / എൽ എൻ ജി /ഗ്യാസ് റീറ്റെയ്ൽ വില്പന-ശേഖരണ ശാലകൾ.

   v. കോൾഡ് സ്റ്റോറേജുകളും വെയർഹൗസുകളും.

   vi. സ്വകാര്യ സെക്യൂരിറ്റി സർവീസുകൾ.

   vii. കേബിൾ / ഡി ടി എച് സർവീസുകൾ.

   viii. ടെലികോം ടവറുകൾ ഉൾപ്പെടെയുള്ള ടെലികമ്യൂണിക്കേഷൻ, ഇന്റർനെറ്റ്, ബ്രോഡ് കാസ്റ്റിംഗ്, കേബിൾ സർവീസുകൾ.

   ix. ഐ ടി ആൻഡ് ഐ ടി ഇനേബിൾഡ് സേവനങ്ങൾ.

   x. പ്രിന്റ്/ ഇലക്ട്രോണിക്/ സോഷ്യൽ മീഡിയ മാധ്യമ സ്ഥാപനങ്ങൾ.

   xi. കോഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റികൾ.

xii. ഇ കോമേഴ്സും ഹോം ഡെലിവറിയും കൊറിയർ സർവീസുകളും അവയ്ക്കാവശ്യമായ വാഹനങ്ങളും.

xiii. വാഹനങ്ങൾ ഉൾപ്പെടെയുള്ള അവശ്യ സേവനങ്ങളുടെ റിപ്പയറുകൾ.

xiv. ടോൾ ബൂത്തുകൾ.

xv. സമുദ്ര മൽസ്യബന്ധനം, ഉൾനാടൻ മൽസ്യ ബന്ധനം, അക്വാ കൾച്ചർ.

xvi. പാലിയേറ്റീവ് കെയർ സേവനങ്ങൾ.

xvii. കേരളാ എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (മിനിമം ജീവനക്കാരെ വച്ച് ഹസാർഡ്സ് വേസ്റ്റ് മാനേജ്മന്റ് ജോലികൾ ചെയ്യാൻ).

xviii. ശുചിത്വ സാമഗ്രികളുടെ (പേർസണൽ ഹൈജീൻ ഉൾപ്പെടെ) വില്പനയും വിതരണവും.

xix. മാസ്കുകളും സാനിറ്റൈസറുകൾ മരുന്നുകൾ പേഴ്സണൽ പ്രൊട്ടക്ഷൻ എക്വിപ്മെന്റ്സ് ഉൾപ്പെടെയുള്ള കോവിഡ് പ്രതിരോധ സാമഗ്രികളുടെ ഉല്പാദനനവും വിതരണവും വിപണനവും .

xx. കള്ള് ഷാപ്പുകൾ, കള്ള് പാർസൽ ആയി നൽകുന്നതിന് മാത്രം.

xxi. പ്രകൃതി ദത്ത റബ്ബറിന്റെ വില്പനയും വിതരണവും.

xxii. ടാക്സികൾ (UBER / OLA അടക്കമുള്ള). എയർപോർട്ട് , റെയിൽവേ സ്റ്റേഷൻ, തുറമുഖങ്ങൾ ഇവയിൽ പോകുന്നതിനും, വാക്സിനേഷൻ ആവശ്യങ്ങൾക്കും, അവശ്യ സാധങ്ങൾ വാങ്ങുന്നതിനും, ആശുപത്രി മറ്റ് മെഡിക്കൽ ആവശ്യങ്ങൾ എന്നീ ആവശ്യങ്ങൾക്ക് മാത്രം. നാല് ചക്ര വാഹനങ്ങളിൽ ഡ്രൈവറെ കൂടാതെ മൂന്ന് പേരും, ഓട്ടോറിക്ഷയിൽ ഡ്രൈവറെ കൂടാതെ രണ്ടു പേരെയും മാത്രമേ അനുവദിക്കുകയുള്ളൂ. കുടുംബാംഗങ്ങൾ ഒരുമിച്ച് യാത്ര ചെയ്യുമ്പോൾ ഈ നിബന്ധന ബാധകമല്ല.

xxiii. ഇലക്ട്രിക്കൽ, പ്ലംബിംഗ്, ലിഫ്റ്റ് -എ.സി മെക്കാനിക്കുകളുടെ വീടുകളിൽ പോയുള്ള പ്രവർത്തനം.

xxiv. പ്രീ മൺസൂൺ / മൺസൂൺ ക്ളീനിംഗ് വർക്കുകൾ.

xxv. വയോജനങ്ങളെയും ശയ്യാലംബരെയും പരിപാലിക്കുന്ന ആളുകളുടെ സേവനം.

xxvi. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലുള്ള ജോലികൾ.

xxvii. കോടതികളിൽ സിറ്റിംഗ് ഉള്ള ദിവസങ്ങളിൽ വക്കീലന്മാർക്കും അവരുടെ ക്ലർക്കുമാർക്കും ഓഫീസ് തുറക്കാനും കോടതീയിലേക്കും തിരിച്ചുമുള്ള യാത്ര (കാറ്റഗറി ഡി സ്ഥലങ്ങളിൽ ഒഴികെ).

xxviii. ദേശീയ സമ്പാദ്യ പദ്ധതിയിലെ ആർ ഡി കളക്ഷൻ ഏജന്റുമാർ.

xxix. വെട്ട്കല്ല്, ചെത്ത് കല്ല് ഇവ വെട്ടിയെടുക്കുന്നതിനും അവ നിർമാണ സ്ഥലത്തേക്ക് കൊണ്ട് പോകുന്നതിനുമുള്ള അനുമതി.

xxx. സെൻസർ ബോർഡിന്റെ ഫിലിം സർട്ടിഫിക്കേഷന് വേണ്ടി കേരള ഫിലിം ഡെവലപ്മെന്റ് കോർപറേഷന്റെ തീയേറ്ററുകൾ

j. വിവാഹങ്ങൾക്കും, മരണാനന്തര ചടങ്ങുകൾക്കും നിലവിലുള്ളത് പോലെ 20 പേരെ മാത്രമേ അനുവദിക്കൂ. മറ്റ് ആൾക്കൂട്ടങ്ങളോ, പൊതു പരിപാടികളോ അനുവദിക്കില്ല.

k. എല്ലാ അഖിലേന്ത്യാ–സംസ്ഥാനതല പൊതുപരീക്ഷകളും അനുവദിക്കുന്നതാണ്. (സ്പോർട്സ് സെലക്ഷൻ ട്രയൽസ് ഉൾപ്പെടെ)

l. ടൂറിസം, റിക്രിയേഷൻ, ആളുകൾ കൂടുന്ന ഇൻഡോർ പ്രവർത്തനങ്ങൾ തുടങ്ങിയവ അനുവദിക്കില്ല (മാളുകൾ ഉൾപ്പെടെ).

2. **കാറ്റഗറി A യിൽ ഉൾപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾക്ക് ബാധകമായ പ്രത്യേക ഇളവുകൾ**

a. എല്ലാ സർക്കാർ ഓഫിസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗവണ്മെന്റ് കമ്പനികൾ കമ്മീഷനുകൾ കോർപറേഷനുകൾ സ്വയം ഭരണ സ്ഥാപങ്ങൾ

എന്നിവയിൽ റോടേഷൻ വ്യവസ്ഥയിൽ 25% ജീവനക്കാരെ നിയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്. ഓഫിസിൽ ഹാജരാകാത്ത ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ പ്രവർത്തിക്കാവുന്നതാണ്.

b. അക്ഷയ സെന്ററുകൾ ഉൾപ്പെടെ എല്ലാ കടകളും കടകളും സ്ഥാപനങ്ങളും എല്ലാ ദിവസവും രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ പ്രവർത്തനം അനുവദിക്കും. (50 ശതമാനം വരെ ജീവനക്കാരെ ഉൾപ്പെടുത്തി.)

c. ടാക്സിയും ഓട്ടോറിക്ഷയും അനുവദിക്കുന്നതാണ്. ടാക്സികളിൽ ഡ്രൈവറെ കൂടാതെ മൂന്ന് പേരും ഓട്ടോ റിക്ഷകളിൽ ഡ്രൈവറെ കൂടാതെ രണ്ടുപേരും അനുവദനീയമാണ്. എന്നാൽ കുടുംബാംഗങ്ങൾ യാത്ര ചെയ്യുന്ന വേളയിൽ ഈ നിബന്ധന ബാധകമല്ല

d. ബെവ്കോ ഔട്ട് ലെറ്റുകളും ബാറുകളും ടേക്ക് എവേ വ്യവസ്ഥയിൽ പ്രവർത്തിക്കാം. മൊബൈൽ ആപ്പ് ഉപയോഗിച്ച് മുഖാന്തരം സ്ലോട്ടുകൾ ബുക്ക് ചെയ്യുന്ന സംവിധാനത്തിലായിരിക്കും പ്രവർത്തനം

e. പരസ്പരസമ്പർക്കം ഒഴിവാക്കിയുള്ള എല്ലാ ഔട്ട്ഡോർ കായിക പ്രവർത്തനങ്ങളും അനുവദനീയമാണ്. പൊതുസ്ഥലങ്ങളിൽ സാമൂഹിക അകലം പാലിച്ച കൊണ്ടുള്ള പ്രഭാത നടത്തവും സായാഹ്ന നടത്തവും അനുവദനീയമാണ്

f. ടേക്ക് എവേ / ഓൺലൈൻ / ഹോം ഡെലിവറിക്ക് വേണ്ടി ഹോട്ടലുകൾക്കും റെസ്റ്റാറെന്റ്കൾക്കും രാവിലെ 7 മണി മുതൽ വൈകുനേരം 7 മണി വരെ പ്രവർത്തിക്കാവുന്നതാണ്. ഹോം ഡെലിവറി രാത്രി 9 .30 വരെ അനുവദിക്കുന്നതാണ്

g. വീട്ടുകളിൽ സഹായത്തിന് പോകുന്നവർക്ക് യാത്രാനുമതി ഉണ്ടായിരിക്കും

3. **കാറ്റഗറി B യിൽ ഉൾപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾക്ക് ബാധകമായ പ്രത്യേക ഇളവുകൾ**

a. എല്ലാ സർക്കാർ ഓഫിസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗവണ്മെന്റ്

കമ്പനികൾ, കമ്മീഷനുകൾ, കോർപറേഷനുകൾ, സ്വയംഭരണസ്ഥാപങ്ങൾ എന്നിവയിൽ റൊട്ടേഷൻ വ്യവസ്ഥയിൽ 25% ജീവനക്കാരെ നിയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്. ഓഫീസിൽ ഹാജരാകാത്ത ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം വ്യവസ്ഥയിൽ പ്രവർത്തിക്കാവുന്നതാണ്.

b. അവശ്യവസ്തുക്കളുടെ കടകൾ മാത്രം എല്ലാ ദിവസവും രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ പ്രവർത്തനം അനുവദിക്കും. മറ്റു കടകൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ പ്രവർത്തനം അനുവദിക്കും. (50 ശതമാനം വരെ ജീവനക്കാരെ ഉൾപ്പെടുത്തി.)

c. അക്ഷയ സെൻ്ററുകൾക്ക് രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ പ്രവർത്തനാനുമതി ഉണ്ടായിരിക്കും

d. 50 ശതമാനം വരെ ജീവനക്കാരെ ഉൾപ്പെടുത്തി സ്വകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ അനുവദിക്കും.

e. ബെവ്കോ ഔട്ട് ലെറ്റുകളും ബാറുകളും ടേക്ക് എവേ വ്യവസ്ഥയിൽ പ്രവർത്തിക്കാം. മൊബൈൽ ആപ്പ് ഉപയോഗിച്ച് മുഖാന്തരം സ്ലോട്ടുകൾ ബുക്ക് ചെയ്യുന്ന സംവിധാനത്തിലായിരിക്കും പ്രവർത്തനം

f. പരസ്പരസമ്പർക്കം ഒഴിവാക്കിയുള്ള എല്ലാ ഔട്ട്ഡോർ കായിക പ്രവർത്തനങ്ങളും അനുവദനീയമാണ് . പൊതുസ്ഥലങ്ങളിൽ സാമൂഹിക അകലം പാലിച്ചു കൊണ്ടുള്ള പ്രഭാത നടത്തവും സായാഹ്ന നടത്തവും അനുവദനീയമാണ്

g. ടേക്ക് എവേ / ഓൺലൈൻ / ഹോം ഡെലിവറിക്ക് വേണ്ടി ഹോട്ടലുകൾക്കും റെസ്റ്റോറൻ്റുകൾക്കും രാവിലെ 7 മണി മുതൽ വൈകുനേരം 7 മണി വരെ പ്രവർത്തിക്കാവുന്നതാണ്.

h. വീടുകളിൽ സഹായത്തിന് പോകുന്നവർക്ക് യാത്രാനുമതി ഉണ്ടായിരിക്കും

## 4. കാറ്റഗറി C യിൽ ഉൾപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾക്ക് ബാധകമായ പ്രത്യേക ഇളവുകൾ

a. അവശ്യവസ്തുക്കളുടെ കടകൾ മാത്രം എല്ലാ ദിവസവും രാവിലെ 7 മുതൽ

വൈകുന്നേരം 7 വരെ പ്രവർത്തനം അനുവദിക്കും. കല്യാണ ആവശ്യങ്ങൾക്കായുള്ള സാധനങ്ങൾ വിൽക്കുന്നതിനായി മറ്റ് കടകൾ (തുണിക്കട, ആഭരണക്കട, പാദരക്ഷകൾ വിൽക്കുന്ന കട), വിദ്യാർത്ഥികൾക്ക് ആവശ്യമായ പുസ്തകങ്ങൾ വിൽക്കുന്ന കടകൾ, സാധനങ്ങൾ നന്നാക്കുന്ന കടകൾ എന്നിവ 50% ജീവനക്കാരെ വച്ച് വെള്ളിയാഴ്ചകളിൽ മാത്രം രാവിലെ 7 മുതൽ വൈകുന്നേരം 7 വരെ പ്രവർത്തിക്കാം

b. ടേക്ക് എവേ / ഓൺലൈൻ / ഹോം ഡെലിവറിക്ക് വേണ്ടി ഹോട്ടലുകൾക്കും റെസ്റ്റോറന്റ്കൾക്കും രാവിലെ 7 മണി മുതൽ വൈകുനേരം 7 മണി വരെ പ്രവർത്തിക്കാവുന്നതാണ്.

## 5. കാറ്റഗറി D യിൽ ഉൾപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപങ്ങൾക്ക് ബാധകമായ പ്രത്യേക ഇളവുകൾ

സംസ്ഥാനത്തൊട്ടാകെ ശനി ഞായർ ദിവസങ്ങളിൽ 07.06.2021, 10.06.2021 തീയതികളിലെ സർക്കാർ ഉത്തരവുകൾ GO(Rt)No.459/2021/DMD, GO (Rt)No. 461/2021/DMD എന്നിവ പ്രകാരം ശനി ഞായർ ദിവസങ്ങളിൽ നടപ്പാക്കിയിട്ടുള്ള പ്രത്യേക കർശന നിയന്ത്രണങ്ങൾ ആഴ്ചയിലെ എല്ലാ ദിവസവും നടപ്പാക്കുന്നതാണ്.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 - ലോക്ക് ഡൗൺ ഇളവുകൾ - ടെസ്റ്റ് പോസിറ്റീവ് നിരക്ക് അടിസ്ഥാനമാക്കിതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വർഗീകരിച്ചുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് - ഉത്തരവുകൾ പുറപ്പെടുവിക്കുന്നു

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.479/2021/ഡി.എം.ഡി                    തീയതി,തിരുവനന്തപുരം, 22/06/2021

പരാമർശം:- 15.06.20201 തീയതിയിലെ സ.ഉ(സാധാ)നം.467/2021/ഡി.എം.ഡി.

ഉത്തരവ്

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് (ടിപിആർ) അടിസ്ഥാനമാക്കി സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ 4 വിഭാഗങ്ങളായി തരംതിരിച്ച് ലോക്ക് ഡൗണിന്റെ ചില ഇളവുകൾ ടെസ്റ്റ് പോസിറ്റീവ് നിരക്ക് (ടിപിആർ) കുറവുള്ള മേഖലകളിലേക്ക് വ്യാപിപ്പിച്ചും ടിപിആർ കൂടുതലുള്ള പ്രദേശങ്ങളിൽ പ്രത്യേക കർശന നിയന്ത്രണങ്ങൾ നടപ്പിലാക്കിയും മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്

2) സംസ്ഥാനത്തെ നിലവിലെ കോവിഡ് മഹാമാരിയുടെ വ്യാപനം വിലയിരുത്തിയതിനു ശേഷം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ, ദുരന്ത നിവാരണ നിയമം, 2005 സെക്ഷൻ 20(3) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച്, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്കിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന രീതിയിൽ പുനർ വർഗ്ഗീകരിച്ചുകൊണ്ട് ബന്ധപ്പെട്ട പരാമർശം ഉത്തരവിലെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വർഗ്ഗീകരണം ഏഴ് ദിവസത്തെ ശരാശരി ടിപിആർ കണക്കാക്കിയാണ് നടത്തേണ്ടത്.

| കാറ്റഗറി | മാനദണ്ഡം |
|---|---|
| A | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 8 ശതമാനത്തിൽ താഴെ (വ്യാപനം കുറഞ്ഞ സ്ഥലങ്ങളിൽ) |
| B | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 8 മുതൽ 16നും ഇടയ്ക്ക് (മിത വ്യാപനമുള്ള സ്ഥലങ്ങളിൽ) |
| C | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 16 മുതൽ 24നും ഇടയ്ക്ക് (അതിവ്യാപനമുള്ള സ്ഥലങ്ങളിൽ) |
| D | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 24 ന് മുകളിൽ (അതിതീവ്ര വ്യാപനമുള്ള സ്ഥലങ്ങളിൽ) |

i. ബന്ധപ്പെട്ട വിഭാഗങ്ങളിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഇതിനകം ലഭ്യമായ ഇളവുകളും നിയന്ത്രണങ്ങളും തുടരുന്നതാണ്.

ii. എല്ലാ സർക്കാർ ഓഫീസുകൾ, പൊതുമേഖല സ്ഥാപനങ്ങൾ (ചലചിത്ര അക്കാദമി ഉൾപ്പെടെ), ഗവൺമെന്റ് കമ്പനികൾ, കമ്മീഷനുകൾ, കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ബാങ്കുകൾ,

സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവ 'എ', 'ബി' കാറ്റഗറികളിൽ 50% വരെ ജീവനക്കാരെയും 'സി' കാറ്റഗറിയിൽ 25% വരെ ജീവനക്കാരെയും ഉപയോഗിച്ച് പ്രവർത്തിക്കാവുന്നതാണ്.

iii. ഓഫീസ് / അക്കൗണ്ട് ജോലികൾക്കായി ബാങ്കുകൾ, സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവക്ക് ചൊവ്വ, വ്യാഴം ദിവസങ്ങളിലും പ്രവർത്തിക്കാം. ഈ ദിവസങ്ങളിൽ പൊതുജനങ്ങൾക്ക് പ്രവേശനമില്ല.

iv. 'എ', 'ബി' കാറ്റഗറികളിൽ ആരാധനാലയങ്ങളിൽ പരമാവധി 15 പേരിൽ കവിയാതെ കർശനമായി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പരിമിതമായസമയം പ്രവേശനം അനുവദിക്കും.

v. കർശനമായ കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിക്കണമെന്ന വ്യവസ്ഥയോടെ കുറഞ്ഞ പങ്കാളിത്തം ഉറപ്പ് വരുത്തി ടെലിവിഷൻ സീരിയലുകളുടെ ഇൻഡോർ ഷൂട്ടിംഗ് അനുവദിക്കുന്നതാണ്.

vi. എല്ലാ പരീക്ഷകളും ശനി, ഞായർ ഉൾപ്പെടെ ദിവസങ്ങളിലും നടത്താവുന്നതാണ്.

vii. പരാമർശഉത്തരവിൽ അക്ഷയകേന്ദ്രങ്ങൾ പ്രവർത്തനാനുമതിയുള്ള കാറ്റഗറികളിൽ ജനസേവനകേന്ദ്രങ്ങളും പ്രവർത്തിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർ, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ
റീജിയണൽ ഡയറക്ടർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പോലീസ് മേധാവികൾ
പകർപ്പ് :-
മുഖ്യമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ദുരന്തനിവാരണ വകുപ്പ് - കോവിഡ് 19 - ലോക്ക് ഡൗൺ ഇളവുകൾ - ശരാശരി പ്രതിവാര ടെസ്റ്റ് പോസിറ്റീവ് നിരക്ക് അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പുനർവിഭാഗീകരണം - 2021 ജൂലൈ 1 മുതൽ അധിക മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ(സാധാ).നം.487/2021/ഡി.എം.ഡി തീയതി,തിരുവനന്തപുരം,29/06/2021

പരാമർശം:- 1. സ.ഉ(സാധാ)നം.467/2021/ഡി.എം.ഡി തീയതി 15.06.2021.
2. സ.ഉ(സാധാ)നം.469/2021/ഡി.എം.ഡി തീയതി 22.06.2021.

<u>**ഉത്തരവ്**</u>

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് (ടിപിആർ) അടിസ്ഥാനമാക്കി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ 4 വിഭാഗങ്ങളായി തരംതിരിച്ച് ലോക്ക് ഡൗണിന്റെ ചില ഇളവുകൾ ടെസ്റ്റ് പോസിറ്റീവ് നിരക്ക് കുറവുള്ള മേഖലകളിലേക്ക് വ്യാപിപ്പിച്ചും ടിപിആർ കൂടുതലുള്ള പ്രദേശങ്ങളിൽ പ്രത്യേക കർശന നിയന്ത്രണങ്ങൾ നടപ്പിലാക്കിയും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

2) സംസ്ഥാനത്തെ നിലവിലെ കോവിഡ് മഹാമാരിയുടെ വ്യാപനം വിലയിരുത്തിയതിനു ശേഷം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 20 (3) -ൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏഴു ദിവസത്തെ ശരാശരി ടിപിആർ നിരക്കിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന രീതിയിൽ പുനർവിഭാഗീകരിച്ചുകൊണ്ട് പരാമർശ ഉത്തരവിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ 2021 ജൂലൈ 1 മുതൽ നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനുള്ള അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

| കാറ്റഗറി | മാനദണ്ഡം |
|---|---|
| A | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 6 ശതമാനത്തിൽ താഴെ (വ്യാപനം കുറഞ്ഞ സ്ഥലങ്ങൾ) |
| B | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 6 നും 12 ശതമാനത്തിനും ഇടയ്ക്ക് (മിത വ്യാപനമുള്ള സ്ഥലങ്ങൾ) |
| C | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 12 നും 18 ശതമാനത്തിനും ഇടയ്ക്ക് (അതി വ്യാപനമുള്ള സ്ഥലങ്ങൾ) |
| D | ശരാശരി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 18 ശതമാനത്തിൽ മുകളിൽ (അതിതീവ്ര വ്യാപനമുള്ള സ്ഥലങ്ങൾ) |

i. ബന്ധപ്പെട്ട വിഭാഗങ്ങളിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഇതിനകം ലഭ്യമായ ഇളവുകൾ അതേപടി തുടരുന്നതാണ്.

ii. 'കാറ്റഗറി ബി'യിലുൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഡ്രൈവർ ഉൾപ്പെടെ 2 യാത്രക്കാർക്ക് ഓട്ടോറിക്ഷകളിൽ യാത്ര അനുവദിക്കുന്നതാണ്.

3) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന സന്ദർശകർ RTPCR നെഗറ്റീവ് സർട്ടിഫിക്കറ്റ് കൈവശമുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി റെയിൽവെ സ്റ്റേഷനുകളിലും അതിർത്തി ചെക്ക് പോസ്റ്റുകളിലും പരിശോധനകൾ കർശനമാക്കുന്നതിനാവശ്യമായ നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്. കോവിഡ് രോഗികളുടെ പ്രാഥമികസമ്പർക്കപട്ടികയിലുള്ളവരുടെ വിവരങ്ങൾ കൃത്യമായി ശേഖരിച്ച് അവരുടെ ക്വാറന്റൈൻ ഉറപ്പുവരുത്തുന്നതിനുള്ള അടിയന്തിരനടപടികളും സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. വി പി ജോയ്**

**ചീഫ് സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര, വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ
എല്ലാ വകുപ്പ് തലവൻമാർ, സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
പകർപ്പ്:-
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Jayachandran K P
Date: 29-06-2021 21:33:07
Reason: Approved

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

Disaster Management Department - COVID 19 - Re-categorization of Local Self Government Institutions, on the basis of Average weekly Test Positivity Rates - additional guidelines from 8th July 2021- orders issued

**DISASTER MANAGEMENT(A)DEPARTMENT**

G.O.(Rt)No.500/2021/DMD Dated,Thiruvananthapuram, 06/07/2021

Read 1. GO(Rt)No.467/2021/DMD dated 15.06.2021
2. GO(Rt)No.469/2021/DMD dated 22.06.2021
3. GO(Rt)No.487/2021/DMD dated 29.06.2021
4. GO(Rt) No.459/2021/DMD dated 07.06.2021
5. GO(Rt) No.461/2021/DMD dated 10.06.2021

**ORDER**

As part of the COVID-19 containment activities, the LSGIs in the State were categorized based on the Test Positivity Rate (TPR) and certain relaxations on lockdown were extended to the areas where the Test Positivity Rate is less and special intensified stringent restrictions were implemented in areas where TPR is high.

2) After assessing the current situation of the spread of COVID-19 pandemic in the State, the undersigned, in his capacity as Chairman of the State Executive Committee of State Disaster Management Authority, in exercise of the powers under Sec 20(3) of the Disaster Management Act-2005, hereby re-categorize the Local Self Government Institutions, on the basis of 7-day average TPR, as given below from 00:00 hours of 8th July-2021, for implementation of restrictions by the enforcing authorities.

| CATEGORY | CRITERIA |
|---|---|
| A | Average TPR below 5 percent (Areas with low spread) |
| B | Average TPR between 5 and 10 percent (Areas with moderate spread) |
| C | Average TPR between 10 and 15 percent (Areas with high spread) |
| D | Average TPR above 15 percent (Areas with critical spread) |

Following additional guidelines are also issued for implementation.

i. The exemptions and restrictions already applicable to the respective category areas will continue.
ii. All Public offices, PSUs, companies, commissions, corporations, autonomous organizations will function with 100 % strength in Category "A" and "B" and with up to 50 % strength in Category "C" areas.
iii. In 'A' and 'B' category areas, hotels and restaurants are allowed to function till 9:30 PM for take away and home delivery of food.
iv. In "A" and "B" category areas, gyms and indoor sports are allowed to function in non-AC halls/spaces with adequate ventilation, restricting to a maximum of 20 persons at a time.
v. In "A" and "B" category areas, accommodation units in Tourism Sector are allowed to function adhering to the Standard Operating Procedure (SOP) issued by the Department of Health, Government of India and the operational guidelines of the Department of Tourism, Government of India. The staff working in these places must have atleast one dose of vaccination. The guests must either have proof of atleast one dose Covid Vaccination or a RT-PCR negative certificate taken within 72 hours.
vi. Saturday, 10.7.2021 will be a holiday to banks and other financial institutions under Negotiable Instruments Act,1881.
vii. District Collectors shall take necessary steps to promote door delivery of essential items, in consultation with the trade associations, so as to reduce crowding in shops.
viii. There will be complete lockdown on 10th and 11th July, 2021 (Saturday &Sunday) with the same guidelines as issued for 12th and 13th June,2021 vide Government Orders GO(Rt) No.459/2021/DMD dated 07.06.2021 and Go (Rt) No.461/2021/DMD dated 10.06.2021.

(By order of the Governor)
Dr V P Joy
Chief Secretary

To:
Additional Chief Secretary, Home & Vigilance Department
Additional Chief Secretary, Revenue & DM Department
Principal Secretary, Health & Family Welfare Department

All Additional Chief Secretaries/ Principal Secretaries/ Secretaries
All Heads of Departments including State Police Chief
All District Collectors
All District Police Chiefs
Copy to:
Private Secretary to Chief Minister
Private Secretary to all Ministers
Special Secretary to Chief Secretary
Director, I&PRD/Web and New Media
Office Copy/ Stock file

Forwarded /By order

Signed by Preetha V
Date: 07-07-2021 08:18:16
Reason: Approved

Section Officer